പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2245 27-10-2026-ൽ മറുപടിയ്ക്ക്

നർക്കോട്ടിക് സംവിധാനം ക്രമപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. സി. കെ. കാസിം

ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ലഹരി കേസുകൾ അന്വേഷിക്കുന്ന നിലവിലെ നർക്കോട്ടിക് സംവിധാനം പര്യാപ്തമല്ലെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

മറുപടി: നിലവിൽ ലഹരിക്കേസുകളുടെ അന്വേഷണം നടത്തിവരുന്ന നാർക്കോട്ടിക് സംവിധാനം കാര്യക്ഷമമായും കുറ്റമറ്റ രീതിയിലും പ്രവർത്തിച്ചുവരുന്നതിനാൽ, നിലവിലെ സംവിധാനം അപര്യാപ്തമാണെന്ന് വിലയിരുത്തൽ ഇല്ല.

(ബി) നിലവിലെ സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

മറുപടി: നിലവിലെ ലഹരിവിരുദ്ധ 'സംവിധാനം ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റേഞ്ചുകളിലായി 03 DySP-മാർ, 06 ഇൻസ്പെക്ടർമാർ, 06 സബ് ഇൻസ്പെക്ടർമാർ, 30 ASI/SCPO/CPO മാർ എന്നിവരെ ഉൾപ്പെടുത്തി ആന്റി നാർക്കോട്ടിക് ഇൻവെസ്റ്റിഗേഷൻ ടീമുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട് . ഇതോടൊപ്പം, 2026സെപ്റ്റംബർ 28-ന് ആഭ്യന്തര മന്ത്രി ഉദ്ഘാടനം ചെയ്ത ഓപ്പറേഷൻ രൂഫാൻ രണ്ടാംഘട്ടം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബങ്ങൾ, യുവജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ ലഹരി ഉപയോഗം തടയുന്നതിനും നേരത്തേ തിരിച്ചറിഞ്ഞ് ഇടപെടുന്നതിനും ചികിത്സ, കൗൺസിലിംഗ്, പുനരധിവാസം, സാമൂഹിക പുനരേകീകരണം എന്നിവ ഉറപ്പാക്കി വരുന്നു. ഡാർക്ക്നെറ്റ്, ക്രിപ്റ്റോകറൻസി, സൈബർ സാങ്കേതിക വിദ്യ എന്നിവ ഉപയോഗിച്ചുള്ള ലഹരിക്കടത്ത് നിരീക്ഷിച്ച് അന്വേഷിക്കുന്നതിന്

ANTF-ൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ലഹരിക്കേസുകളിൽ അറസ്റ്റിലായവരുടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന് NIDAAN പോർട്ടൽ പ്രയോജനപ്പെടുത്തുകയും NCB, DRI, കസ്റ്റംസ്, കോസ്റ്റ് ഗാർഡ്, IB, അയൽ സംസ്ഥാനങ്ങൾ എന്നിവയുമായി ഏകോപനം നടത്തി രഹസ്യവിവര കൈമാറ്റം, സംയുക്ത പരിശോധനകൾ, പ്രതികളുടെ അറസ്റ്റ് എന്നിവ നടപ്പാക്കുകയും ചെയ്യുന്നു. തുടർച്ചയായി ലഹരിമരുന്ന് വിൽപ്പന നടത്തുന്നവർക്കെതിരെ PITNDPS 1988 പ്രകാരം കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ എൻഫോഴ്മെന്റ്, പ്രതിരോധം, ചികിത്സ, പുനരധിവാസം, അന്തർസംസ്ഥാന ഏകോപനം എന്നിവ സംയോജിപ്പിച്ച് ശക്തമായ ലഹരിവിരുദ്ധ സംവിധാനം നിലവിലുണ്ട്.

(സി) ലഹരി കേസുകളിൽ അന്വേഷണം നടത്തി ഉറവിടം കണ്ടെത്താൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മറുപടി: സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സാധ്യമായ എല്ലാ കേസുകളിലും ലഹരിയുടെ ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടുള്ളതാണ്.

ലഹരിമരുന്നിന്റെ ഉറവിടം കണ്ടെത്തുന്നതിനും സംഘടിത ലഹരിമാഫിയാ സംഘങ്ങളെയും അന്തർസംസ്ഥാന-അന്തർജില്ലാ വിതരണ ശൃംഖലകളെയും തിരിച്ചറിഞ്ഞ് തകർക്കുന്നതിനുമായി NDPS കേസുകൾ, ഫോൺ കോൾ വിവരങ്ങൾ, സാമ്പത്തിക ഇടപാടുകൾ, കടത്തിന്റെ ഉറവിടം-ലക്ഷ്യസ്ഥാനം എന്നിവ വിശകലനം ചെയ്ത് പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിക്കുകയും, വിതരണക്കാർ, കടത്തുകാർ, സാമ്പത്തിക സഹായികൾ എന്നിവർക്കെതിരെ തെളിവുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും അനധികൃത സ്വത്തുക്കൾ കണ്ടെത്തി NDPS നിയമത്തിലെ Chapter V A പ്രകാരം നടപടികൾ ആരംഭിക്കുന്നതിനുമായി സാമ്പത്തിക അന്വേഷണം ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ